ഇൻഫർമേഷൻ കേരള മിഷൻ
പബ്ലിക് ഓഫീസ് ബിൽഡിംഗ്
പബ്ലിക് ഓഫീസ് പി. ഒ തിരുവനന്തപുരം - 695 033

നമ്പർ. 866/ഇ1/2023/ഐ.കെ.എം 25.09.2023

## സർക്കുലർ

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ - ജീവനക്കാരുടെ 2023 ലെ പൊതുസ്ഥലംമാറ്റം - അനുകമ്പാർഹം/പ്രത്യേക മുൻഗണനകൾ - അർഹരായവർക്ക് മാർക്ക് നൽകുന്നതിന് മാർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 09.08.2023 ലെ 736/ഇ1/2023/ഐ.കെ.എം നമ്പർ നടപടിക്രമം

ഇൻഫർമേഷൻ കേരള മിഷനിലെ 2023-24 വർഷത്തിലെ പൊതുസ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സൂചന 1 പ്രകാരം പുറപ്പെടുവിച്ചിട്ടിരുന്നു.

ഒന്നിലധികം മുൻഗണനകൾ/ അനുകമ്പാർഹമായ കാരണങ്ങൾ അവകാശപ്പെടുന്ന വ്യക്തിയെ അതിൽ ഏറ്റവും കൂടുതൽ മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ മാത്രം ഉൾപ്പെടുത്തി പരിഗണിക്കുന്നതാണ്. ഒന്നിലധികം ജീവനക്കാർക്ക് ഒരേ മാർക്ക് ലഭ്യമാകുന്ന സാഹചര്യത്തില് ടി ജീവനക്കാരുടെ ഔട്ട് സ്റ്റേഷൻ സീനിയോരിറ്റി പരിഗണിക്കേണ്ടതും കൂടുതൽ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയുള്ള ജീവനക്കാരന് മുൻഗണന നൽകേണ്ടതുണ്ട്. മുൻഗണന/അനുകമ്പാർഹ പരിഗണനകളോടൊപ്പം ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിയും തുല്യമാകുന്ന സംഗതികളിൽ കൂടുതൽ സർവ്വീസ് സീനിയോറിറ്റി ഉള്ള ജീവനക്കാരന് മുൻഗണന നൽകുന്നതാണ്.

അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് അർഹരാകുന്ന ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം മുൻഗണന നിശ്ചയിക്കുന്നതാണ്.

| ക്രമ നമ്പർ | വിഭാഗം | മാർക്ക് |
|---|---|---|
| 1 | നിലവിൽ ചികിത്സതുടരുന്ന ഗുരുതരമായ അസുഖം ബാധിച്ച വ്യക്തിക്ക് (ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ നടത്തിയവർ, പക്ഷാഘാതം, അവയമാറ്റം, അവയവദാനം നടത്തിയവർ (കരൾ, വൃക്ക എന്നിവ) | 95 |
| 2 | ജീവനക്കാരന്റെ ഭാര്യക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപെട്ടതും, ജീവനക്കാരനെ /ജീവനക്കാരിയെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ മകനോ മകൾക്കോ, മാതാവിനോ, പിതാവിനോ, ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ബോധ്യമാകുന്നപക്ഷം. | 80 |
| 3 | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ | 75 |
| 4 | അന്ധരും, മൂകരും, ബധിരരുമായ ജീവനക്കാർ | 70 |
| 5 | വികലാംഗരായ ജീവനക്കാർ (സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)60% ന് മുകളിൽ | 65 |
| 6 | ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായി പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് ഇരയായവർ | 60 |
| 7 | മാനസിക പ്രശ്നമുള്ള ജീവനക്കാരും, മാനസിക പ്രശ്നമുള്ള ആശ്രിതരുള്ള ജീവനക്കാർ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) | 55 |

| | | |
|---|---|---|
| 8 | ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ / ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) | 50 |
| 9 | 60% ന് മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) | 45 |
| 10 | അന്ധരും, ബധിരരും, മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) | 40 |
| 11 | യുദ്ധത്തിൽ മരണപ്പെട്ട സൈനികരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/ അച്ഛൻ/ അമ്മ/ മകൻ / മകൾ) | 35 |
| 12 | വിധവകൾ /വിഭാര്യർ /പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ (അനുയോജ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ) | 30 |
| 13 | നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ (കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ) | 25 |
| 14 | സേവനമനുഷ്ഠിക്കുന്ന സൈനിക / സൈനികന്റെ പങ്കാളി | 20 |

സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ പരമാവധി 5% പേർക്ക് (ജില്ലയിൽ), മാർക്ക് അടിസ്ഥാനത്തിൽ മാത്രമായിരിക്കും അനുകമ്പാർഹമായ വിഭാഗമായി പരിഗണിക്കുന്നത്.

**ഡോ. സന്തോഷ് ബാബു ഐ എ എസ് (Rtd)**
**ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (I/C)**

**ഉത്തരവിൻപ്രകാരം**

**കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ**

എല്ലാ ജീവനക്കാർക്കും
എല്ലാ ടീം ലീഡർമാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർ / ജില്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
ചീഫ് മിഷൻ ഡയറക്ടറുടെ സി എ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
വെബ്സൈറ്റ് / ഫയൽ കോപ്പി